# ★ നവരാത്ര്യാഘോഷം ★

—എൻ. വി. കൃഷ്ണവാരിയർ

അമ്പത്തൊന്നക്ഷരാളീ കലിത തനുലതേ!
വേദമാകുന്ന ശാഖി-
ക്കൊമ്പത്തൻപോടു പൂക്കും കുസുമതതിയിലേ-
ന്തുന്ന പൂന്തേൻ കുഴമ്പേ!
ചെമ്പൊൽത്താർബാണഡംഭപ്രശമനസു
കൃതോ-
പാത്തസൌഭാഗ്യലക്ഷ്മീ-
സമ്പത്തേ! കുമ്പിടുന്നേൻ കഴലിണവലയാ-
ധീശ്വരി! വിശ്വനാഥേ!

ഈ പ്രസിദ്ധ പദ്യത്തിൽ മഹാകവി മഴമംഗലം അനുസ്മരിച്ചിട്ടുള്ള ഊരകത്തമ്മതിരുവടിയുടെ ക്ഷേത്രസന്നിധാനമാണ് നവരാത്രിയെപ്പററി ആലോചിക്കുമ്പോൾ ആദ്യമായി എന്റെ മനസ്സിലുദിക്കുന്നതു്. വളരെ ചെറിയൊരു കുട്ടിയായിരിക്കുമ്പോൾത്തന്നെ ഈ ക്ഷേത്രത്തിൽ ഗംഭീരമായി നടത്തിയിരുന്ന നവരാത്ര്യാഘോഷങ്ങളിൽ ഞാൻ സന്നിഹിതനായിത്തുടങ്ങി. നവരാത്രികാലത്തെ പ്രത്യേകിച്ച് ദുർഗ്ഗാഷ്ടമി—മഹാനവമി ദിവസങ്ങളിലെ, സന്ധ്യകളിൽ ഈ ക്ഷേത്രത്തിൽ ഉണ്ടാവാറുള്ള ദീപാലങ്കാരങ്ങളും കുലവാഴകളും തോരണങ്ങളും നിറമാലകളും വിതാനങ്ങളും വാദ്യാഘോഷങ്ങളും ആൾത്തിരക്കും കലാപ്രകടനങ്ങളും എല്ലാം ഇപ്പോഴും എന്റെ മനസ്സിൽ സജീവമായി കുടികൊള്ളുന്നുണ്ട്.

കേരളത്തിൽ നവരാത്രിദിനങ്ങളിൽ പ്രധാനമായി നടക്കുന്നതു് സരസ്വതീപൂജയാണല്ലൊ. ഊരകത്തു് ക്ഷേത്രത്തിൽ പ്രതിഷ്ഠ സരസ്വതിയുടേതല്ല.

'കാന്തഃ കപാലീ, കഠിനഃ പിതാ തേ
മേനേതി മാതുസ്തവ നാമധേയം' എന്നിങ്ങനെ വലയാധീശ്വരിയുടെ കുടുംബചരിത്രം മറെറാരു പ്രസിദ്ധ പദ്യത്തിൽ മഹാകവി ഉദ്ദണ്ഡശാസ്ത്രികൾ പ്രതിപാദിച്ചിട്ടുണ്ട്. എങ്കിലും, പാർവതിയുടെ ക്ഷേത്രത്തിൽ, പാർവ്വതിയുടെ മാഹാത്മ്യത്തെപ്പോലും തൽക്കാലത്തേയ്ക്ക് അധഃകരിക്കുമാറ് സരസ്വതീദേവിയെ കുടിയിരുത്തി ആഘോഷപൂർവ്വം ഉപചരിക്കുന്നതിൽ അനൌചിത്യം കേരളീയർ കാണുകയുണ്ടായിട്ടില്ല. പാർവതിയുടെ മാത്രമല്ല, ശിവന്റേയും വിഷ്ണുവിന്റേയും ശാസ്താവിന്റേയും ഗണപതിയുടേയും ഭദ്രകാളിയുടേയും എല്ലാം ക്ഷേത്രങ്ങൾ നവരാത്രികാലത്തു് കേരളത്തിൽ സരസ്വതീക്ഷേത്രങ്ങളാവുകയാണ് പ

---

യിൽ വികാരങ്ങളുടെ ഒഴുക്കല്ല് ചിന്തകളുടെ കല്ലോലങ്ങളാണ് അധികവും കാണുക. 'പണ്ടത്തെപ്പാട്ടുകൾ' എന്ന കവിതയുടെ അന്തർഭാവം യൂറോപ്പിലെ കാല്പനികകവികൾക്ക് ഒരു കാലത്തു് നാടോടിപ്പാട്ടുകളോടുണ്ടായിരുന്ന ബഹുമാനാദരങ്ങൾക്കു തുല്യമാണ്. കേക, പാന, വഞ്ചിപ്പാട്ട്, ഗാഥ കാകളി, അന്നനട എന്നീ ദ്രാവിഡവൃത്തങ്ങളുടെ പ്രയോഗസാധ്യതകൾ പരമാവധി അറിഞ്ഞു പെരുമാറി വിജയംപ്രാപിച്ച വള്ളത്തോൾ പണ്ടത്തെപ്പാട്ടുകളെ വാഴ്ത്തിപ്പാടുന്നതു് തികച്ചും സ്വാഭാവികമെന്നേ പറയേണ്ടൂ. കാല്പനികകവി എന്ന നിലയിൽ വള്ളത്തോളിന്റെ സാഫല്യത്തിന് സാധകമായ ഘടകങ്ങളിൽ ഏററവും മികച്ച ഒന്നാണ് ഈ ദ്രാവിഡവൃത്തങ്ങളുടെ പ്രയോഗത്തിൽ അദ്ദേഹം നേടിയ വൈദഗ്ധ്യം.

തിവു്. ഒരു കൊല്ലം ഇരുട്ടറയിൽ തപസ്സു് അനുഷ്ഠിച്ച ജരാജജ്ജരങ്ങളായ ഗ്രന്ഥങ്ങളെല്ലാം ഉദ്ഗ്രാഷ്ഠമിദിവസം പുറത്തുവരുന്നു. അവ തേച്ചു തുടച്ചു് പൊടി കളഞ്ഞു് ചരടററവയ്ക്കു പുതിയ ചരടിട്ടു ഭംഗിയാക്കുന്നതും ഇതേ ദിവസത്തിലാകുന്നു. അച്ചടി സാവ്വത്രികമാവുകയും പുസ്തകങ്ങൾ താളിയോലഗ്രന്ഥങ്ങളെ പുരാതനവക്കപ്പിലേയ്ക്കു സ്ഥലം മാററുകയും ചെയ്തപ്പോൾ സരസ്വതിയുടെ പ്രതീകങ്ങളായി പുസ്തകങ്ങളെ സ്വീകരിക്കാൻ നമുക്കു പ്രയാസമുണ്ടായില്ല. എങ്കിലും പൂജയ്ക്കുവെയ്ക്കുന്ന പുസ്തകങ്ങളുടെ കൂടെ ഒന്നോ രണ്ടോ താളിയോലഗ്രന്ഥങ്ങൾ കൂടിയില്ലെങ്കിൽ സാന്നിദ്ധ്യം മതിയാവില്ലെന്നാണു് ഇപ്പോഴും നമ്മുടെ വിശ്വാസം. പൂജയ്ക്കുവെയ്ക്കുന്നതിനുവേണ്ടിയെങ്കിലും ഏതാനും ഗ്രന്ഥങ്ങൾ കരുതിവയ്ക്കുവാൻ നമ്മുടെ മിക്ക വീട്ടമ്മമാരും മറന്നിട്ടില്ല. തറവാടുകൾ ഭാഗിച്ചു പോകുമ്പോൾ ഗ്രന്ഥങ്ങളും—അവയുടെ ഉള്ളടക്കം എന്തുമാവാം—ഈ ആവശ്യത്തിനുവേണ്ടി ഭാഗിച്ചുകിട്ടണമെന്നു അവർ വാദിയ്ക്കാറുണ്ടു്. അതിരിയ്ക്കട്ടെ.

ഗ്രന്ഥങ്ങളോടൊപ്പം സരസ്വതിയുടെ ദിവ്യപീഠത്തിൽ 'ഉപവിഷ്ടങ്ങളാകുന്ന പുസ്തകങ്ങളെടുത്തു് മറിച്ചുനോക്കുക. രാമായണവും മഹാഭാരതവും ഇരിയ്ക്കുന്ന അതേ ഗൗരവത്തോടുകൂടിത്തന്നെ അവിടെ കുട്ടികളുടെ ഒന്നാം പാഠവും, കണക്കുപുസ്തകവും കയറിയിരിക്കുന്നതു നിങ്ങൾക്കു കാണാം. സരസ്വതി സവ്വശുക്ലയാണെന്നും സരസ്വതിയുടെ ഒരംഗവും മറെറാന്നിനേക്കാൾ ഉൽകൃഷ്ടമോ അപകൃഷ്ടമോ അല്ലെന്നും, സരസ്വതി സാമ്രാജ്യത്തിൽ പരിപൂർണ്ണമായ ജനാധിപത്യവും അവസരസമത്വവുമുണ്ടെന്നു പ്രാചീനരുടെ സിദ്ധാന്തത്തെ ഇത്രയും സമഗ്രമായി പ്രകടിപ്പിയ്ക്കുന്ന മറെറാരവസരം ഉണ്ടോ എന്നു സംശയമാണു്.

ഈ ഗ്രന്ഥപൂജയും തുടർന്നുവരുന്ന വിദ്യാരംഭവുമാണു് നവരാത്രിയെ സംബന്ധിച്ചിടത്തോളം നമുക്കു മുഖ്യമായിട്ടുള്ളതു്. പൂജയ്ക്കുവെച്ചാൽ പിന്നെ പൂജയെടുക്കുംവരെ തികച്ചും അനധ്യായദിവസങ്ങളാണു്. അന്നു് ഒന്നും എഴുതുകയോ വായിക്കുകയോ അരുതെന്നാണു് പഴമക്കാരുടെ നിർബന്ധം. വിജയദശമിദിവസം രാവിലെ യഥാവിധി പൂജയെടുത്തുകഴിഞ്ഞാൽ ഗ്രന്ഥം പകുത്തു് ഏഴുവരിയും ഏഴക്ഷരവും തള്ളി വായിക്കുന്നതോടെ വിദ്യാരംഭം തുടങ്ങുകയായി. മണലിൽ അമ്പത്തൊന്നക്ഷരങ്ങളും, എഴുതുകയും ഗുരുനാഥനു് ദക്ഷിണ കൊടുക്കുകയും വിദ്യാരംഭത്തിന്റെ ഒഴിച്ചുകൂടാത്ത ചടങ്ങുകളാണു്. ചെറിയ കുട്ടികളെ എഴുത്തിനുവെയ്ക്കുന്നതിനും ഇത്ര വിശേഷമായ മുഹൂർത്തം വേറെയില്ല. മൂന്നും അഞ്ചും വയസ്സായ ചെറുകുട്ടികൾ അരിയിൽ ഹരിയെന്നെഴുതിപ്പഠിയ്ക്കാൻ തുടങ്ങുന്നതായിരിയ്ക്കും. 'കുമുദേഷുനിലാവുപോലെ' വെള്ളപ്പളുങ്കുനിറമൊത്ത സരസ്വതി കിടാങ്ങളുടെ നാവിൽ കളിയാടാൻ ആരംഭിയ്ക്കുന്നതും വിദ്യാരംഭദിവസത്തിലാണു്.

സരസ്വതീപൂജയ്ക്കു് ഈ ദിവസങ്ങളെ തിരഞ്ഞെടുക്കാനുള്ള കാരണമായി പഴമക്കാർ പറഞ്ഞുവരുന്നതു് മത്സ്യാവതാരകഥയാണു്. ഹയഗ്രീവൻ എന്ന അസുരൻ വേദങ്ങളപഹരിയ്ക്കുകയും അങ്ങിനെ ലോകം വിജ്ഞാനത്തെ സംബന്ധിച്ചിടത്തോളം അന്ധകാരത്തിലാണ്ടുപോവുകയും ചെയ്തതു് നവരാത്രി ദിവസങ്ങളിലാണത്രേ. ഒടുവിൽ മത്സ്യരൂപം ധരിച്ചു് മഹാവിഷ്ണു ഹയഗ്രീവനെ നിഗ്രഹിച്ചു് വേദങ്ങളെ വീണ്ടെടുത്ത ദിവസമായിരുന്നു ആദ്യത്തെ വിദ്യാരംഭം. ഹയഗ്രീവന്റെ വേദാപഹരണദിവസങ്ങളിൽ മറന്നുപോയ വിദ്യകളിലേയ്ക്കു് ആളുകൾ വീണ്ടും മടങ്ങി വരുന്നതിനെയാണത്രെ വിദ്യാരംഭച്ചടങ്ങുകൾ ഇന്നും അനുസ്മരിപ്പിയ്ക്കുന്നതു്.

നവീകരണമെന്ന ആശയം എല്ലാ ജനതകളിലുമുള്ളതാണു്. നിരന്തരവും ബാഹ്യകാര്യവ്യഗ്രവുമായ ജീവിതത്തിന്നിടയിൽ, ഒട്ടിട ശ്രമിച്ചു് നഷ്ടചൈതന്യം വീണ്ടെടുത്തു് പുതിയ ഒരുജ്ജിതത്തോടെ കമ്മപഥത്തിലേയ്ക്കിറങ്ങുവാൻ ആരാണിഷ്ടപ്പെടാത്തതു്. 'ബുദ്ധിയുടെ ഒരു വാജീകരണമാണു് കായകൽപമാണു്,

വിദ്യാരംഭത്തിലൂടെ നാമഭിനയിക്കുന്നതെന്ന പറയാം. ജീവിതത്തിന്റെ താളത്തിൽ അതിപ്രധാനമായ സ്ഥാനം ഇത്തരം നവീകരണങ്ങൾക്കുണ്ട്. ഹയഗ്രീവൻ പ്രളയപയോധിജലത്തിൽ വേദങ്ങളേയുംകൊണ്ടു മുഴകിക്കിടന്നവെന്ന പുരാണകഥ രാത്രിയുടെ മൂന്നുയാമങ്ങളിൽ നിദ്രാലീനനാകുന്ന മനുഷ്യാത്മാവിനെ പ്രതീകവിധയാ സൂചിപ്പിക്കുവാൻ പ്രാചീനർ ആവിഷ്കരിച്ചതായിക്കൂടെന്നില്ല. വേദങ്ങളെ ഉദ്ധരിച്ച മീൻ, അഗാധമായ നീലാകാശത്തിൽ പൊട്ടിവിടരുന്ന പ്രഭാതതാരം ആയിക്കൂടെന്നില്ല നിത്യവും നമ്മുടെ അനുഭൂതിപഥത്തിലൂടെ കടന്നുപോകുന്ന ഈ സംഭവത്തെ നാടകീകരിച്ചതാണോ പൂജാക്കാലത്തെ അനദ്ധ്യായദിവസങ്ങളും തുടർന്നുവരുന്ന വിദ്യാരംഭവും. മിക്ക ഇതിഹാസകഥാഖ്യാനങ്ങൾക്കും ഈ വിധത്തിൽ വ്യാഖ്യാനം നൽകുന്ന പണ്ഡിതന്മാർ ഇല്ലായ്കയില്ല. വിദ്യാരംഭത്തെ ഇങ്ങിനെ ആരെങ്കിലും വ്യാഖ്യാനിച്ചതായി അറിവില്ലെങ്കിൽകൂടി.

കേരളത്തിൽ പൂജ പ്രധാനമായും സരസ്വതീപൂജയാണെങ്കിൽകൂടി ഇൻഡ്യയുടെ മററു ചില ഭാഗങ്ങളിൽ പൂജയുടെ അധിദേവത ലക്ഷ്മീഭഗവതിയോ ഭൂമിദേവിയോ ആണ്. പല സ്ഥലങ്ങളിലും ആയുധപൂജ എന്ന പേരിലാണല്ലോ നവരാത്രി അറിയപ്പെടുന്നത്. പ്രയോജനകരമെങ്കിലും അസൗകര്യകരംകൂടിയായ വർഷത്തു കഴിഞ്ഞു് പ്രസന്നമനോഹരമായ ശരദ്ഋതു ആരംഭിയ്ക്കുന്ന അവസരത്തിലാണ് ഈ 'ഒമ്പതു രാവു'കൾ നാമാഘോഷിക്കുന്നത്. ചില സ്ഥലങ്ങളിൽ വിജയദശമി ഉൾപ്പെടെ പത്തു രാവുകളാണ് ആഘോഷിയ്ക്കപ്പെടുന്നത്. നവരാത്രി മൈസൂറിലും മററും ദസറായാണല്ലോ.

ലോകസംരക്ഷണത്തിൽ നിരന്തരം നിരതനായിരിയ്ക്കേണ്ട മഹാവിഷ്ണുപോലും ഭുജഗശയനത്തിലേറി നിദ്രാമുദ്ര കൈക്കൊള്ളുന്ന നാലു മാസങ്ങളാണ് കഴിഞ്ഞുപോയതു്. ഈ മാസങ്ങളിൽ പഴയ കാലത്തെ രാജാക്കന്മാർ സ്വന്തം ദുർഗ്ഗങ്ങളിലേയ്ക്കു് പിൻവാങ്ങി അടങ്ങിയൊതുങ്ങി കഴിഞ്ഞുകൂടുകയാണ പതിവു്. പുഴകളിൽ വെള്ളം കുറച്ചും വഴികളിലെ ചളി വററിച്ചും വന്നുചേരുന്ന പങ്കജലക്ഷണയായ ശരദൃതു ഈ രാജാക്കന്മാരെ ദിഗ്വിജയയാത്രയ്ക്കു് പ്രേരിപ്പിച്ചുവന്നു. മഴക്കാലത്തു് ഇന്ദ്രൻ തന്റെ സപ്തവർണ്ണമായ ചാപം കുഴിയെക്കുലച്ചു നില്ക്കുമ്പോൾ രാജാക്കന്മാർ അവരുടെ ജൈത്രമായ ചാപം താണഴിച്ചു തളർത്തിയിടുകയാണു പതിവു്. പ്രഭാമയമായ ഇന്ദ്രചാപം തിരോഹിതമാകുന്നതോടെ രാജാക്കന്മാർ പ്രജാർത്ഥസാധനത്തിനായി അവരുടെ പാർത്ഥിവമായ ചാപം കൈക്കൊള്ളുന്നു എന്നു് രഘുവംശമഹാകാവ്യത്തിൽ മഹാകവി കാളിദാസൻ പ്രസ്താവിയ്ക്കുന്നുണ്ടു്. ശരല്ക്കാലാരംഭത്തിൽ രഘു എന്ന മഹാരാജാവിന്റെ ദിഗ്വിജയയാത്രാരംഭം വർണ്ണിയ്ക്കുന്ന പദ്യങ്ങൾ രഘുവംശമഹാകാവ്യത്തിലെ മാത്രമല്ല, സംസ്കൃത സാഹിത്യത്തിലെ തന്നെ അതിമനോഹരങ്ങളായ ഭാഗങ്ങളിലൊന്നാണ്. പ്രാചീന ഭാരതീയരാജപരമ്പരയുടെ ലക്ഷ്യം ചക്രവർത്തിപദമായിരുന്നുവല്ലോ.

ഇമാം സാഗരപര്യന്താം ഹിമവദ്വിന്ധ്യ
കുണ്ഡലാം
മഹീമേകാതപത്രാങ്കാം രാജസിംഹഃ
പ്രശാസ്തു നഃ

എന്ന ഭാസന്റെ ഭരതവാക്യപദം നമ്മുടെ രാജാക്കന്മാരുടെ രാഷ്ട്രീയാദർശം വ്യക്തമാക്കുന്നുണ്ടു്. ചക്രവർത്തിയെ സാർവ്വഭൗമനെന്നു് നാം വിളിയ്ക്കാറുണ്ടെങ്കിൽകൂടി ഹിമവൽസേതുപര്യന്തമായ ഭാരതവർഷം മാത്രമായിരുന്നു അവർ ഭരിച്ചിരുന്ന സർവ്വഭൂമി. ഈ സർവ്വഭൂമിയുടെ ആധിപത്യം നേടിയ പല ചക്രവർത്തിമാരേയും പററി നാം കേട്ടിട്ടുണ്ടു്. എന്നാൽ പലപ്പോഴും ഈ ആധിപത്യം പ്രതീകാത്മകം മാത്രമായിരുന്നു. തങ്ങളുടെ ആധിപത്യത്തിൻകീഴിൽ വന്ന എല്ലാ സ്ഥലങ്ങളിൽനിന്നും പ്രതിവർഷം നികുതി പിരിച്ചെടുക്കുന്ന സമ്പ്രദായം അന്നുണ്ടായിരുന്നില്ല. ആയുഷ്കാലത്തിലൊരിക്കൽ, ഇന്ത്യയിലെ പല ഭാഗങ്ങളിലുമുള്ള രാജാക്കന്മാരിൽനിന്നും പ്രഭുക്കന്മാരിൽനിന്നും കാഴ്ചകളോ

കപ്പമോ വാങ്ങാൻ കഴിഞ്ഞ ഒരു ചെറിയ രാജാവിനേയും ഭാരതീയർ ചക്രവൎത്തിയായി പരിഗണിച്ചുപോന്നു. ശരൽക്കാലാരംഭത്തിൽ സ്വന്തം അതിൎത്തിവിട്ടു് പുറത്തേയ്ക്കു് ആഡംബരപൂൎണ്ണമായ ഒരു വിജയയാത്രയും, യാത്രയ്ക്കുശേഷം വിശ്വജിത്തു് എന്ന യാഗവും അനുഷ്ഠിച്ചു കഴിഞ്ഞാൽ ഒരു രാജാവു് എന്നെന്നേയ്ക്കുമായി ചക്രവൎത്തിയായിക്കഴിഞ്ഞു. ഈ യാഗത്തിൽ സംബന്ധിക്കുന്നതിന്നു് അദ്ദേഹം കീഴടക്കുകയോ അദ്ദേഹവുമായി സന്ധിയിലേർപ്പെടുകയോ ചെയ്ത രാജാക്കന്മാർ കാഴ്ചകളുമായി വന്നുചേരുന്നു. യാഗാവസാനത്തിൽ തന്റെ സൎവ്വസ്വവും ഈ ചക്രവൎത്തി ബഹുജനങ്ങൾക്കിടയിൽ വിതരണം ചെയ്തുതീൎക്കുന്നു. രഘുവിന്റെ വിശ്വജിദ്യാഗത്തെപ്പററിയുള്ള കാളിദാസന്റെ വൎണ്ണന വീണ്ടും എന്റെ ശ്രോതാക്കളിൽ ചിലരെങ്കിലും ഓൎക്കുന്നുണ്ടാവണം. ഹർഷന്റെ സൎവ്വസ്വദാനത്തെപ്പററി ഹ്യുയൻത്സാങ്ങ് എന്ന ചീനസഞ്ചാരിയുടെ വിവരണവും ഇവിടെ പ്രസക്തംതന്നെ. വിശ്വജിദ്യാഗത്തിന്നു പകരം ചില രാജാക്കന്മാർ അനുഷ്ഠിച്ചിരുന്നതു് അശ്വമേധയാഗമാണു്. അശ്വമേധയാഗത്തിലെ അശ്വത്തെ പിന്തുടൎന്നു് ഒരു കൊല്ലം അന്യരാജ്യങ്ങളിലൂടെയുള്ള പ്രയാണമായിരുന്നു അവരുടെ ദിഗ്വിജയം. ഈ ദിഗ്ജയങ്ങൾക്കൊക്കെ രാഷ്ട്രീയപ്രാധാന്യത്തെക്കാൾ കൂടുതൽ മതപ്രാധാന്യമാണുണ്ടായിരുന്നതു്. അവ പലപ്പോഴും കാൎയ്യത്തിലല്ലാതെ വെറും സങ്കല്പത്തിൽ മാത്രമേ ദിഗ്ജയങ്ങളായിരുന്നുള്ളു. ദിഗ്ജയങ്ങളെന്നതിനേക്കാളേറെ ദിഗ്ജയത്തിന്റെ പ്രതീകങ്ങൾ മാത്രമായിരുന്നു അവ എന്നു താല്പൎയ്യം. രണ്ടു ടോട്ടൽവാറുകൾ അനുഭവിച്ച നമുക്കു് അവ നിരൎത്ഥമായ വെറും ചില മതച്ചടങ്ങുകൾ മാത്രമായി തോന്നിയാലത്ഭുതമില്ല.

മൈസൂർ, ബറോഡ മുതലായ ഇടങ്ങളിലെ നവരാത്ര്യാഘോഷങ്ങളിൽ രാജാക്കന്മാരുടെ ഈ പഴയ ദിഗ്ജയപ്രസ്ഥാനം നമുക്കിന്നും സന്ദൎശിക്കുവാൻ കഴിയും. ബറോഡയിൽ അണിഞ്ഞൊരുങ്ങിയ രാജാവിന്റെ അതിൎത്തിലംഘനമായിരുന്നു ദസറാ ആഘോഷങ്ങളിലെ ഒരു മുഖ്യമായ ചടങ്ങു്. മൈസൂരിലെ മഹാരാജാവിന്റെ ദസറാ എഴുന്നെള്ളത്തും നമുക്കു പരിചിതമാണല്ലൊ. രാജത്വം തീരെ അവസാനിക്കുന്നതോടെ ഈ ചടങ്ങുകളും വിശ്വജിദ്യാഗവും അശ്വമേധയാഗവുംപോലെ വെറും ഓൎമ്മകൾ മാത്രമായി അവശേഷിച്ചേയ്ക്കാം. അതു പക്ഷേ മറെറാരു സംഗതിയാണു്.

തങ്ങളുടെ വിജയയാത്രയ്ക്കു വിജയദശമിദിവസം തിരഞ്ഞെടുക്കാൻ കാലത്തിന്റെ ആനുകൂല്യമാണു് രാജാക്കന്മാരെ പ്രേരിപ്പിച്ച മുഖ്യകാരണമെന്ന കാൎയ്യത്തിൽ യാതൊരു സംശയവുമില്ല. എന്നാലും ഇതിഹാസത്തിന്റേതായ ഒരു പരിവേഷം ഈ ദിനത്തിന്നു നൽകാൻ നമ്മുടെ പിതാക്കന്മാർ മറന്നുപോവുകയുണ്ടായില്ല. ശ്രീരാമൻ രാവണനെ നിഗ്രഹിച്ചു് സീതയെ വീണ്ടെടുത്ത ദിവസമാണത്രേ വിജയദശമി. ശത്രുസംഹാരം ചെയ്തു് ഭൂപുത്രിയെ ശ്രീരാമൻ വീണ്ടെടുത്ത ദിവസം, ശത്രുസംഹാരം ചെയ്തു് ഭൂമിയെത്തന്നെ വീണ്ടെടുക്കുവാനുള്ള ഒരു മഹോദ്യമത്തിന്റെ നാന്ദി കുറിക്കുന്നതിൽ ഔചിത്യമുണ്ടല്ലൊ. അങ്ങിനെ ഭൂമിദേവിയേയും ലക്ഷ്മീഭഗവതിയേയും ഒരുമിച്ചാരാധിക്കുവാൻ ഈ ദിവസം ഉപയോഗപ്പെട്ടു.

പൂജ ഇന്നേററവും ആഘോഷത്തോടെ കൊണ്ടാടുന്നതു് ബംഗാളിലാണെന്നു പ്രസിദ്ധമാണു്. ഓണം മലയാളികളുടെ ദേശീയോത്സവമാണെങ്കിൽ, പൂജ ബംഗാളികളുടേയും ദേശീയാഘോഷമാണു്. ബംഗാളിൽ പൂജയുടെ അധിദേവത സരസ്വതിയോ ലക്ഷ്മിയോ ഭൂമിയോ അല്ല; ദുൎഗ്ഗയാണു്. എട്ടോ പതിനാറോ കൈകളും അവയിലെല്ലാം വിവിധങ്ങളായ ആയുധങ്ങളും ധരിച്ചു് മഹിഷാസുരനെ സംഹരിച്ചു് നിലകൊള്ളുന്ന ദുൎഗ്ഗാഭഗവതിയുടെ ഭീഷണമോഹനങ്ങളായ പ്രതിമകൾ വൈക്കോൽകൊണ്ടും മണ്ണുകൊണ്ടുമുണ്ടാക്കി പൂജിക്കുകയാണു് ബംഗാളിൽ നവരാത്രി സംബന്ധിച്ച ഏററവും പ്രധാനമായ മതച്ചടങ്ങു്. ദുൎഗ്ഗാദേവി

ക്ക് മഹിഷാസുരന്റെമേൽ വിജയം കൈവന്ന ദിവസമായി അവർ വിജയദശമിയെ കരുതി പ്പോരുന്നു. കരത്തിരുണ്ടു നനഞ്ഞൊലിക്കുന്ന മേഘങ്ങളിൽ കയറിയണയുന്ന വർഷകാലത്തെ യാണോ മഹിഷാസുരൻ അഭിവ്യഞ്ജിപ്പിക്കുന്ന തു്. ഇരുട്ടിന്റെമേൽ വെളിച്ചത്തിന്നും തണു പ്പിന്റെമേൽ സുഖകരമായ ഊഷ്മാവിന്നും കൈ വന്ന വിജയത്തെയാണോ വിജയദശമി സൂചി പ്പിയ്ക്കുന്നതു്.

അതേതായാലും ബംഗാളിൽ ഒരുകാലത്തു് പ്രചുരപ്രചാരവും ഇന്നും തീരെ തിരോഹിതമാ യിട്ടില്ലാത്തതുമായ ശക്തിപൂജയാണ് അവി ടെ പൂജയുടെ വിഷയം ദുർഗ്ഗയാകുവാൻ കാര ണമായതു് എന്നതിൽ യാതൊരു സംശയവുമി ല്ല. പണ്ടു് ഉത്തരേന്ത്യയിൽ മുഴുവൻ പടർന്നുകി ടന്നിരുന്ന മഹായാന ബുദ്ധമതത്തിന്റെ ഒരു സംഭാവനയാകാം ഈ ശക്തിപൂജ. ശക്തിപൂ ജയുടെ രഹസ്യങ്ങളിലേയ്ക്കു് വേണ്ടത്ര വെളി ച്ചം ഇനിയും പ്രസരിപ്പിയ്ക്കപ്പെട്ടുകഴിഞ്ഞിട്ടില്ല. ആർതർ, ആവലോൺ മുതലായ ചില ഗ്രന്ഥകാ രന്മാരല്ലാതെ ഈ വിഷയത്തിലേക്കു് കാര്യമാ യി വളരെയധികമാരും പ്രവേശിച്ചും കാണു ന്നില്ല. എന്നാലും ശക്തിപൂജയ്ക്കും യോഗാഭ്യാ സത്തിന്നും തമ്മിൽ ആന്തരമായൊരു ബന്ധമു ണ്ടെന്നതിൽ സംശയമില്ല. മനുഷ്യന്റെ കഴി വുകൾക്കു് അതിരില്ലെന്ന വിശ്വാസത്തിൽനി ന്നാണല്ലോ യോഗസമ്പ്രദായം ഉത്ഭവിക്കുന്നതു്. ശരീരത്തിന്റെ കഴിവുകൾതന്നെ മിക്കവാറും അപരിമിതങ്ങളാണ്. ഒന്നു കുളിച്ചാൽ ജല ദോഷവും ഒരുതുള്ളി അധികമുണ്ടായാൽ അജീർണ്ണ വും നാലടി നടന്നാൽ മേൽവേദനയും ഉണ്ടാ വുന്ന നമ്മളെപ്പോലെയുള്ളവർ പിറന്ന മനുഷ്യ ന്റെ വർഗ്ഗത്തിൽതന്നെയാണ് രാമമൂർത്തിയെ പ്പോലുള്ള മഹാശക്തന്മാരും സാൻഡോ പെക്കി നെപ്പോലെയുള്ള മഹാവേഗന്മാരും പിറന്നതു്. ഏതു കാലാവസ്ഥയിലും എന്തു ഭക്ഷണം കഴി ച്ചും പലപ്പോഴും വളരെ ദിവസത്തേക്കു് ഒന്നും കഴിക്കാതെയും കഴിഞ്ഞുകൂട്ടുവാനുള്ള കഴിവു് നമ്മുടെ ഈ ശരീരത്തിനുണ്ടു്. ഈ കഴിവുകൾ വികസിപ്പിയ്ക്കുവാനുള്ള ശ്രമമാണ് ഹഠയോഗ മെങ്കിൽ ഇവയെക്കാളെത്രയേറെ ഉയർന്ന ചില മണ്ഡലങ്ങളിൽ നേടാവുന്ന ചില കഴിവുകൾ മനുഷ്യചേതനയ്ക്കുള്ളവയെ വികസിപ്പിക്കുവാനു ള്ള പരിശ്രമമാണ്പാതഞ്ജലയോഗദർശനം. അ ണുവിനെ പിളർന്നു് ലോകസംഹാരവും, അന ന്തമായ ആകാശത്തിന്റെ സ്വരൂപം അളന്നു വിവരിച്ചു് പ്രപഞ്ചരഹസ്യങ്ങളുടെ അനാവര ണവും സാധിച്ച പ്രതിഭാശാലികൾ നമ്മുടെ ഈ തലമുറയിൽ പിറന്നവരാണെന്നു് അര ക്കൊല്ലപ്പരീക്ഷയ്ക്കു കിട്ടിയ ചോദ്യക്കടലാസി ലെ കൂട്ടലുകളുടേയും കിഴിക്കലുകളുടേയുംമുമ്പിൽ മുട്ടുമടക്കേണ്ടിവരുന്ന വിദ്യാർത്ഥികൾക്കു വിശ്വ സിയ്ക്കാൻ കഴിയും. എന്നാലും ഇതൊരു പാര മാർത്ഥമായിത്തന്നെ അവശേഷിയ്ക്കുന്നു. മനു ഷ്യന്റെ മനസ്സിനെ, മനസ്സിന്റെ സങ്കല്പവി കല്പാദിബാഹ്യതലങ്ങൾക്കടിയിലുള്ള സൂക്ഷ്മാൽ സൂക്ഷ്മമായ ചൈതന്യധാരയെ ഉണർത്തി, ഭൗ തികജീവിതത്തിൽ നമുക്കു സങ്കല്പിക്കാൻകൂടി അസാദ്ധ്യമായ ചില അനുഭൂതിമണ്ഡലങ്ങളി ലേയ്ക്കു നയിക്കാൻ കഴിയുമെന്നു മാത്രമല്ല, അ ങ്ങിനെ നയിക്കുന്നതാണ് മനുഷ്യജന്മത്തിന്റെ പരമോദ്ദേശമെന്നും മനുഷ്യവർഗ്ഗത്തിന്റെ പ രമസാഫല്യമെന്നുംകൂടി യോഗികൾ വാദിക്കു ന്നു.

യോഗസിദ്ധികൾ, പതഞ്ജലിപ്രതിപാദിത മായ, യമം നിയമം മുതലായി എട്ടംഗങ്ങളുള്ള യോഗമാർഗ്ഗത്തിലൂടെ നേടാം. പക്ഷെ, അ തെത്ര ആളുകൾക്കു കഴിയും. അഷ്ടാംഗമാർഗ്ഗ ത്തിലെ ആദ്യത്തെ അംഗമായ യമം—ഇന്ദ്രിയ നിഗ്രഹം—എത്ര ആളുകൾക്കു കൈവരും. നെ യ്യും പാലും മോരും കൂട്ടി നെല്ലരിച്ചോറുണ്ണുന്ന മനുഷ്യക്കു് ഇന്ദ്രിയനിഗ്രഹം കൈവരുമെങ്കിൽ അന്നു് വിന്ധ്യപർവ്വതം സമുദ്രത്തിൽ പൊങ്ങി ക്കിടക്കുമെന്നു് പറഞ്ഞ ഭർത്തൃഹരി സ്വയം ഒരു യോഗിയായിരുന്നുവെന്നാണൈതിഹ്യം. സുഖഭോഗങ്ങളിൽനിന്നു് മനസ്സിനെ നിവർത്തി പ്പിയ്ക്കാൻ നിങ്ങൾക്കു കഴിവില്ലെങ്കിൽ, ആ സുഖ ഭോഗങ്ങളെത്തന്നെ ഒരു സാധനയാക്കി മാററു കയാണു വേണ്ടതു് എന്നതാണ് ശക്തിപൂജയു

ടെ അല്ലെങ്കിൽ തന്ത്രത്തിന്റെ അടിയിലുള്ള തത്വം. മനുഷ്യവർഗ്ഗത്തെ മുന്നോട്ട നയിക്കുന്ന ശക്തികളിൽ ഏററവും ശക്തമായതു് ലൈംഗികാസക്തിയാണ്. അതിനെ കീഴടക്കാൻ നിങ്ങൾക്കാവില്ലേ? വേണ്ട. ആ ലൈംഗികാസക്തിയെ ഒരു പൂജയായി ഉയർത്തിക്കൂടെ. മനുഷ്യനെ അധഃപതനത്തിലേയ്ക്കു നയിക്കുന്ന മദിരയും മദിരാക്ഷിയും യോഗിഗമ്യമായ പരമപദത്തിലേക്കുള്ള വാതിൽ തുറന്നുതരുന്ന സ്വർണ്ണത്താക്കോലുകളായി മാറുമെങ്കിൽ അതു് കാമ്യമല്ലയോ. മാരകമായ വിഷത്തെ ഔഷധമായും ഉപയോഗിക്കാറുണ്ടല്ലോ. വേണ്ടത്ര പരിജ്ഞാനത്തോടെ വിദഗ്ദ്ധമായ മേൽനോട്ടത്തിൽ, അനുഷ്ഠിക്കുന്നപക്ഷം ഈ ചികിത്സാസമ്പ്രദായത്തിൽ യാതൊരപാകതയുമില്ല. തന്ത്രത്തിലും യോഗത്തിലും ഗുരുവിനുള്ള പ്രാധാന്യത്തിനു കാരണം ഇതാണ്.

സൗമ്യശീലനായ ശാക്യമുനിയുടെ സർവ്വസംഗപരിത്യാഗികളായ ശിഷ്യന്മാർക്കിടയിൽ ഈ ശക്തിതന്ത്രം ഉത്ഭവിക്കുകയും പരക്കുകയും ചെയ്തതെങ്ങിനെയെന്നതു് അത്യന്തം ആകർഷകമായൊരു പഠനവിഷയമാണ്. കഴിവുള്ള ഗവേഷണവിദ്യാർത്ഥികൾ ഈ വിഷയത്തിലേക്കു തിരിയുന്നതു് നന്നായിരിയ്ക്കും. അതിരിയ്ക്കട്ടെ. ബുദ്ധമതം ഇൻഡ്യയിൽനിന്നു തിരോഭവിച്ചപ്പോഴും അതിന്റെ അവശിഷ്ടങ്ങളിൽ പലതും ഇവിടെ നിലനിന്നു. നമ്മുടെ ക്ഷേത്രങ്ങളിലെ ആരാധനാസമ്പ്രദായങ്ങളിൽ മിക്കതിനേയും പിന്തുടന്നു ചെന്നാൽ നാമെത്തിച്ചേരുക മഹായാന ബുദ്ധമതത്തിലാണ്. നമ്മുടെ ഉത്സവങ്ങളിൽ സാർവ്വത്രികമായ പട്ടക്കുടയും വെഞ്ചാമരവും ബൌദ്ധരാണു് നമുക്കു സമ്മാനിച്ചതു്. അങ്ങിനെ തന്ത്രം, ബുദ്ധമതത്തിന്റെ തിരോധാനത്തിന്നുശേഷം ഹിന്ദുമതത്തിന്റെ ഒരു ഘടകമായി. ഔപനിഷദമായ വേദാന്തദർശനത്തിന്റെ ജ്ഞാനയോഗത്തിന്റെ പ്രവാചകനായിരുന്നിട്ടും ശങ്കരാചാര്യർ തന്ത്രത്തിന്റെ ഈ പ്രാധാന്യം അറിയുകയും വകവെച്ചുകൊടുക്കുകയും ചെയ്തു എന്നതിനു് അദ്ദേഹത്തിന്റെ സ്തോത്രകൃതികൾ മികച്ചൊരു തെളിവാണ്. ശങ്കരന്റെ സൗന്ദര്യലഹരി എന്ന സ്തോത്രം തന്ത്രസാഹിത്യത്തിലെ സുപ്രധാനകൃതികളിലൊന്നാകുന്നു. കാരണമെന്തായാലും ബംഗാളിലും കേരളത്തിലുമാണു് ശക്തിതന്ത്രം വളരെക്കാലത്തേക്കു് അക്ഷുണ്ണമായി നിലനിന്നതു്. ശ്രീരാമകൃഷ്ണപരമഹംസരുടെ സാധനകളിൽ ശക്തിതന്ത്രത്തിനുണ്ടായിരുന്ന പ്രാമുഖ്യം സർവ്വവിദിതമാണല്ലൊ.

ഈ ശക്തിപൂജയുടെ പ്രഭാവമാണു് ബംഗാളിലെ 'പൂജ'യെ ദുർഗ്ഗാപൂജയാക്കിയതു്. കേരളത്തിൽ 'പൂജ' ഇന്നും സരസ്വതീപൂജയായി നിലനിന്നുവരുന്നതിന്റെ കാരണം അന്വേഷിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ബങ്കിമചന്ദ്രന്റെ സുപ്രസിദ്ധമായ വന്ദേമാതരഗാനത്തിന്റെ അവസാനഭാഗത്തിലേയ്ക്കു നിങ്ങളുടെ ശ്രദ്ധയാകർഷിച്ചുകൊണ്ടു് ഈ പ്രഭാഷണം ഉപസംഹരിയ്ക്കാം. ഇന്ത്യയുടെ പല ഭാഗങ്ങളിലും നിലവിലുള്ള വിവിധങ്ങളായ പൂജാവിധാനങ്ങളെപ്പററിയുള്ള ഈ ലഘുചിന്തനത്തിനുശേഷം ഈ ഗാനഭാഗം നമുക്കു് ഓർമ്മവരുന്നതു് സ്വാഭാവികം മാത്രമാകുന്നു. പരാൽപരമായ ചിത്ശക്തിയുടെ മൂർത്തിഭേദങ്ങളായ സരസ്വതി, ലക്ഷ്മി, ഭൂമി, ദുർഗ്ഗ എന്നീ ദേവതകളെ ഒരേ ഒരവസരത്തിൽ ഇന്ത്യയിലെ വിഭിന്നഭാഗങ്ങളിൽ എങ്ങിനെയാണു് പൂജിച്ചുവരുന്നതെന്നു് നാം കാണുകയുണ്ടായല്ലോ. ഉപാസകന്റെ മനഃസ്ഥിതി അനുസരിച്ചോ ബാഹ്യപ്രപഞ്ചത്തിൽ ദൃശ്യമായ ചില വസ്തുക്കളെ ആസ്പദമാക്കിയോ കല്പിച്ചു് ഈ മൂർത്തിഭേദം യഥാർത്ഥത്തിൽ സാങ്കല്പികം മാത്രമാണെന്നും ഈ ശക്തികളുടെയെല്ലാം ആന്തരമായ ഐക്യമാണു് വാസ്തവികമെന്നും ഇതിൽനിന്നു് മനസ്സിലാവുന്നില്ലയോ. ജഡപദാർത്ഥത്തിനും സചേതനമായ ശക്തിയ്ക്കുംതമ്മിൽഅടിസ്ഥാനപരമായിത്തന്നെ വ്യത്യാസമുണ്ടെന്ന പഴയ ചിന്താഗതി നിർമ്മാജ്ജനംചെയ്തു് പദാർത്ഥത്തിന്റെ തരംഗസ്വഭാവത്തേയും ശക്തിപദാർത്ഥൈക്യത്തേയും പ്രഖ്യാപിച്ച ആററം ഫിസിക്സിന്റെ കാലത്തു് ജീവിക്കുന്ന നമുക്കു്ഏതായാലും ഇതു മനസ്സിലാക്കാൻ

ഏകാങ്കം

# ★ നീറുന്ന ഹൃദയം ★

—കമുകറ നാരായണക്കുറുപ്പ്

### കഥാപാത്രങ്ങൾ

1) കൃഷ്ണപിള്ള:—ഗൃഹനാഥൻ. ഹൃദയബന്ധങ്ങളേക്കാൾ പാരമ്പര്യത്തേയും, പ്രതാപത്തേയും ആദരിക്കുന്ന ഒരു മനുഷ്യൻ. പ്രായം 58 കഴിഞ്ഞു.

2) കല്യാണിയമ്മ:—ഗൃഹനാഥ. ഭർത്താവിനുചേർന്ന ഭാര്യ. മക്കളോടു പക്ഷപാതബുദ്ധികാണിക്കുന്ന ഒരമ്മയാണവർ. ഈ മാതിരി അമ്മമാർ ഇക്കാലത്തു് വിരളമല്ല. പ്രായം 55.

3) സരോജം:— മൂത്തമകൾ. അവളൊരു ഡാക്ടരാണിന്നു്. വയസ്സു് 35നോടു അടുത്തു. എല്ലാം തികഞ്ഞ അവൾക്കു് അത്യാവശ്യമായ മനസ്സന്തോഷം മാത്രമില്ല. തന്റെ ഈ ഗതികേടിനു കാരണഭൂതരായവരോടു് അവൾക്കു് ഒടുങ്ങാത്ത വെറുപ്പും വൈരാഗ്യവുമുണ്ടു്. ഒരു സന്ദർഭത്തിലേക്കുവേണ്ടി അവൾ കാത്തിരിക്കുകയാണു്.

4) കമലം:—ഇളയമകൾ. ഇന്നു് അവളൊരു കുടുംബിനിയാണു്. ഒരോമനക്കുഞ്ഞിന്റെ അമ്മയാണു്. വയസ്സു് 21 കഴിഞ്ഞു.

രംഗം:—കൃഷ്ണാലയം ബംഗ്ലാവു്.
കാലം:—ഏകദേശം ആഴ്ച.

### സീൻ 1.

[സമയം സന്ധ്യ. സരോജത്തിന്റെ പ്രത്യേകമുറി. ആകെക്കൂടെ അതിനൊരു അടുക്കും ചിട്ടയുമുണ്ടു്. കസേരകൾ മേശ മുതലായവ യഥാസ്ഥാനങ്ങളിൽ ശുചിയായി വച്ചിട്ടുണ്ടു്. മുറിയുടെ ഒരരുകിലായി കിടന്ന കസേരയിൽ Dr: സരോജം ചിന്താമഗ്നയായിരിക്കുകയാണു്. അടുത്തുകിടക്കുന്ന 'ടീപോയി'ൽ ഒരു ജഗ്ഗും രണ്ടു ടംബ്ളറുകളും കാണാം. ഒരു പ്ലേറ്ററിൽ കുറെ ബിസ്കറ്റും. അല്പം കഴിഞ്ഞു് കല്യാണിയമ്മ പ്രവേശിക്കുന്നു. പക്ഷെ സരോജം അതൊന്നും അറിയുന്നില്ല.]

കല്യാ:- (സരോജത്തെ സമീപിച്ചു്) നീ ഇനിയും ചായ കുടിച്ചില്ലേ?

സരോ:- (അപ്പോൾമാത്രം മനസ്സിലാക്കി) ഇല്ല.

കല്യാ:- ഉം?

സരോ:- (ഉദാസീനതയോടെ) ഓ!....ഒന്നുമില്ല ....വേണമെന്നു തോന്നിയില്ല.

---

പ്രയാസമില്ല. അതിനാൽ ബങ്കിമചന്ദ്രന്റെ കാവ്യസൗന്ദര്യം ഉളമ്പിനില്ക്കുന്ന ഈ വരികളും നമുക്കു് ഇന്നു കൂടുതൽ ആസ്വാദ്യമായിത്തീരുന്നു. സുജലയും സുഫലയും മലയജശീതളയുമായ നമ്മുടെ മാതൃഭൂമിയെ ആരാധ്യദേവതയായ ശക്തിയുടെ രൂപത്തിൽ കാണാൻ അവിശ്വാസങ്ങളെ ആശ്രയിക്കാതെതന്നെ നമുക്കിന്നു സാധിക്കുന്നു.

ത്വാംഹി ദുർഗ്ഗാ ദശപ്രഹരധാരിണീ
കമലാ കമലദളവിഹാരിണീ
വാണീ വിദ്യാദായിനീ നമാമി ത്വാം
നമാമി കമലാം അമലാം അതുലാം
സുജലാം സുഫലാം മാതരം.

---

* തിരുവനന്തപുരം-കോഴിക്കോടു്-ആകാശവാണീനിലയത്തിന്റെ അനുവാദത്തോടുകൂടി